പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1284

11/06/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ യു. ആർ. പ്രദീപ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ), ശുചിത്വമിഷൻ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ മുഖേനയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ പ്രസ്തുത സ്കൂളുകളിൽ കെട്ടിടങ്ങൾ, കളിസ്ഥലം, ടോയ്‌ലറ്റുകൾ, അടുക്കള കുടിവെള്ള ലഭ്യത എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. അവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ അപാകതകളോ, അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,എം.പി, എം.എൽ.എ എന്നിവരുടെ ഫണ്ട് ഉപയോഗിച്ച് യഥാസമയം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ 'കിഫ്ബി' ധനസഹായത്തോടെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ |

ഇ-റിസോഴ്സ് ഉറപ്പാക്കാൻ 'സമഗ്ര'പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സമയ ബന്ധിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;<br>(സി) വിവിധ ക്ലാസ്സുകളിലേയ്ക്കുള്ള എല്ലാ പാഠപുസ്തകങ്ങളും സ്കൂളുകളിൽ വിതരണത്തിനായി എത്തിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) & (സി) 2019-20 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്)നെ തന്നെ ഏൽപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺലൈൻ വഴി സ്വീകരിക്കുകയും അതുപ്രകാരമുള്ള എണ്ണം ശേഖരിച്ച് 7% ബഫർ സ്റ്റോക്ക് കൂടി കണക്കാക്കി പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഉത്തരവ് കെ.ബി.പി.എസ്-ന് നൽകുകയുണ്ടായി. 2019-20 അദ്ധ്യയന വർഷത്തിൽ ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 186 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണ്. നിലവിൽ 1 മുതൽ 8 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമില്ല. 9,10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമുള്ളതിനാൽ ആയത് അച്ചടിച്ച് യഥാസമയം വിതരണം നടത്തുവാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടു കഴിഞ്ഞു.<br>14 ജില്ലകളിലേയും ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണത്തിനു ശേഷം ഷോർട്ടേജ് ആയ പാഠപുസ്തകങ്ങളുടെ കണക്ക് ശേഖരിക്കുകയും അത് പ്രകാരം 1 മുതൽ 8 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുന്നു. ആറാം സാദ്ധ്യായ ദിവസപ്രകാരം പൊതുവിദ്യാലയങ്ങളിൽ പുതുതായി |

| | | | |
|---|---|---|---|
| | | | പ്രവേശനം നേടുന്ന കൂടുതൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾക്കായി ജൂൺ 14 മുതൽ 20 വരെ രണ്ടാം ഘട്ട ഇൻഡന്റിംഗിനായി KITE ന്റെ വെബ്സൈറ്റിൽ വേണ്ട ക്രമീകരണം നടത്തിയിട്ടുമുണ്ട്. |
| (ഡി) | എ.പി.എൽ/ ബി.പി.എൽ. ഭേദമന്യേ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |

Nanditha T

**സെക്ഷൻ ഓഫീസർ**